(എഫ്) നെയ്യാർ സഫാരി പാർക്കിൽ എത്ര സിംഹങ്ങൾ ഉണ്ട്;

(ജി) ഇവയേയും വന്ധ്യംകരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത് വേണ്ടിവന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൂന്ന്.

(ബി) ചീങ്കണ്ണി സംരക്ഷണ കേന്ദ്രത്തിൽ ശുദ്ധജല ചീങ്കണ്ണികളേയും, ലയൺ സഫാരി പാർക്കിൽ സിംഹങ്ങളേയും, ഡീർ റിഹാബിലിറ്റേഷൻ സെന്ററിൽ പുള്ളിമാനുകളേയും ആണ് പാർപ്പിച്ചിട്ടുള്ളത്.

(സി) മീൻമുട്ടിയിൽ മാൻപാർക്ക് നിലവിലില്ല. പ്ലാവെട്ടി മാൻപാർക്ക് പ്രവർത്തന സജ്ജമാണ്. അവിടെ ഇപ്പോൾ 26 പുള്ളിമാനുകൾ ഉണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഒമ്പത്.

(ജി) ഒമ്പത് സിംഹങ്ങളിൽ മൂന്നെണ്ണം ആൺ സിംഹങ്ങളാണ്. ഇവരെ വന്ധ്യംകരണം ചെയ്തിട്ടുണ്ട്. നാല് സിംഹങ്ങളുമായി 1992-ൽ ആരംഭിച്ച സഫാരി പാർക്കിൽ സിംഹങ്ങളുടെ എണ്ണം വംശവർദ്ധനവിലൂടെ കൂടുകയുണ്ടായി. ഇത് നിയന്ത്രിക്കാതെ വന്നാൽ സിംഹങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകും. അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയും എണ്ണം വർദ്ധിച്ചാൽ ഉണ്ടാകുന്ന വർദ്ധിച്ച ചെലവ് പരിഗണിച്ചും ഇന്ത്യൻ വന്യജീവി (സംരക്ഷണ) നിയമം അനുവദിക്കുന്നതിനാലാണ് വന്ധ്യംകരണം നടത്തിയിട്ടുള്ളത്.

പാട്ടത്തിനു നൽകിയ ഭൂമിയിലെ തിരിമറി

72 [5538] ശ്രീ. ടി. കെ. ദേവകുമാർ:
,, കെ. കെ. ജയചന്ദ്രൻ:
,, രാജു എബ്രഹാം:
,, കെ. പി. രാജേന്ദ്രൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടത്തിന് നൽകിയ ഭൂമി തിരിമറി നടത്തുകയും പാട്ടഭൂമിയേക്കാൾ കൂടുതൽ ഭൂമി പാട്ടം ഉടമ കൈവശപ്പെടുത്തുകയും ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാലാവധി കഴിഞ്ഞ പാട്ടഭൂമി ഏറ്റെടുത്ത് അതിർത്തി പുനർനിർണ്ണയം നടത്താൻ നടപടി സ്വീകരിക്കുമോ?

ചോദ്യം നമ്പർ 5537-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കാലാവധി കഴിഞ്ഞ പാട്ടഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

റബ്ബർ ഉരുളൻ തടികൾ അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടു പോകുന്നതിനുള്ള നിരോധനം നീക്കുന്നതിന് നടപടി

73 [5541] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് റബ്ബർതടികൾ ഉരുളൻ തടികളായി കൊണ്ടുപോകുന്നത് സർക്കാർ ഉത്തരവുമൂലം നിരോധിച്ചിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് കേരളത്തിലെ പത്ത് ലക്ഷത്തോളം വരുന്ന റബ്ബർ കർഷക കുടുംബങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന വിവരം അറിയാമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അന്യരാജ്യങ്ങളിൽ നിന്നും റബ്ബർ തടികൾ കേരളത്തിലും ഇന്ത്യയിലാകെയും എത്തുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വാഭാവിക വനങ്ങളിൽ റബ്ബർ മരങ്ങൾ ഇല്ലാത്തതുകൊണ്ടും കേരളത്തിലെ റബ്ബർ കർഷകരെ ദോഷകരമായി ബാധിക്കുന്ന കാര്യമായതിനാലും റബ്ബർ തടികൾ ഉരുളുകളായി അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള നിരോധനം റദ്ദ് ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

വനഭൂമി കയ്യേറ്റവും വനനശീകരണവും

74 [5542] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, വി. ബാലറാം:
,, എ. പി. അനിൽകുമാർ:
,, പി. ടി. തോമസ്:
,, ഡോമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാപ്പുഴ, കാക്കവയൽ, മീനങ്ങാടി, പുറക്കാടി, തെറണ്ടർനാട്, പുൽപ്പള്ളി നിവാരം എന്നിവിടങ്ങളിൽ സി. പി. ഐ. (എം)-ന്റെ നേതൃത്വത്തിൽ എത്ര ഹെക്ടർ വനഭൂമി കയ്യേറുകയുണ്ടായി;

ചോദ്യം നമ്പർ 5539, 5540 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly